# Deepika

## 24 July 2018

## Kollam: Heavy rain, relief camps

### മഴക്കെടുതി: കേന്ദ്ര സർക്കാർ വാഗ്ദാനങ്ങളെ പോസിറ്റീവായി കാണുന്നു: മുഖ്യമന്ത്രി

**കൊല്ലം:** സംസ്ഥാനത്തെ കാലവർഷക്കെടുതി നേരിടുന്നതിന് കേന്ദ്ര സർക്കാർ നൽകിയിരിക്കുന്ന വാഗ്ദാനങ്ങളെ പോസിറ്റീവായി കാണുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേന്ദ്ര സർക്കാറിന്റെ വാഗ്ദാനങ്ങൾ നടക്കുമോ എന്ന് നോക്കട്ടെ. ഇപ്പോൾ അതിനെ നമുക്ക് പോസിറ്റീവായി എടുക്കാം. ബാക്കി കാര്യങ്ങൾ നടക്കുമോ ഇല്ലയോ എന്ന് പിന്നീട് നോക്കാം. ദുരിതാശ്വാസപ്രവർത്തനങ്ങൾ നല്ലനിലയിലാണ് മുന്നോട്ട് പോകുന്നത്- പിണറായി പറഞ്ഞു. കലക്ടറേറ്റിൽ ദുരിതബാധിത ജില്ലകളിലെ കലക്ടർമാരുമായി വീഡിയോ കോൺഫറൻസ് നടത്തിയ ശേഷം മടങ്ങവെയാണ് മുഖ്യമന്ത്രി മാധ്യമപ്രവർത്തകരോട് പ്രതികരിച്ചത്.



അമ്പലപ്പുഴ പി എൻ പണിക്കർ മെമ്മോറിയൽ എൽ പി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് പൊതുമരാമത്ത് മന്ത്രി ജി സുധാകരൻ സന്ദർശിക്കുന്നു